# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5686 — 03.11.2016-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി ഭക്ഷ്യ സഹായ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ കുടുംബങ്ങൾക്കായി ഭക്ഷ്യസഹായ പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | രൂപീകരിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | ബി) | തയ്യാറാക്കിയിട്ടുണ്ട്. മൺസൂൺ കാലത്ത് പട്ടികവർഗ്ഗക്കാർക്കിടയിലുള്ള പട്ടിണി നിർമ്മാർജ്ജനത്തിനായാണ് ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ജൂൺ മാസം മുതൽ സെപ്റ്റംബർ മാസം വരെ 4 ഘട്ടങ്ങളായി ഭക്ഷ്യധാന്യ വിതരണം നടത്തുന്നു. അരി, വൻപയർ, കടല/റാഗി, വെളിച്ചെണ്ണ, പഞ്ചസാര, ശർക്കര, ചായപ്പൊടി, ചെറുപയർ എന്നിവയാണ് വിതരണം ചെയ്യുന്നത്. |
| സി) | ആരെല്ലാമാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) | സപ്ലൈകോയിൽ നിന്നും ഭക്ഷ്യസാധനങ്ങൾ വാങ്ങി പ്രമോട്ടർമാർ മുഖേന കോളനികളിൽ വിതരണം ചെയ്യുന്നു. |
| ഡി) | ടി പദ്ധതിയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) | ഭക്ഷ്യസഹായ പദ്ധതിക്കായി 2016-17 സാമ്പത്തിക വർഷം 25 കോടി രൂപ വകയിരുത്തിയതിൽ നിന്നും 16,13,86,079/- രൂപ ടി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ